# ജി.വി.എച്ച്.എസ്.എസ്
# ആലംകോട്

# അക്കാദമിക മാസ്റ്റർ പ്ളാൻ
# 2025-26

# ആമുഖം

തിരുവനന്തപുരം ജില്ലയിൽ കരവാരം പഞ്ചായത്തിൽ 15-ാം വാർഡിൽ ആലംകേട് ജംഗ്ഷനിൽനിന്ന് കിളിമാനൂർ റോഡിൽ ഏകദേശം അരകിലോമീറ്റർ അകലെ കരവാരം പഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഒരു സർക്കാർ സ്കൂളാണ് ഇത് .

കൊല്ലവർഷം 1097 ൽ ശ്രിമൂലംതിരുനാൾ മഹാരാജാവിന്റെ ദിവാനായിരുന്ന ശ്രീ.ഹബീബുള്ള ആലംകോട് എത്തുകയും ഈ പ്രദേശത്ത് ഒരു എൽ.പി സ്കൂൾ തുടങ്ങുന്നതിന് അനുവാദം നല്കുകയും ചെയ് തു.

**ഭൗതിക സാഹചര്യങ്ങൾ**

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പ്രീ പ്രൈമറി,യു.പി,എച്ച്.എസ്,എച്ച്.എസ്.എസ്,വി.എച്ച്.എസ്.ഇ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ഹൈസ്കൂളിന് 10 ക്ലാസ് മുറികളും,യു.പി 6 ക്ലാസ് മുറികളും പ്രീ പ്രൈമറിയ്ക്ക് 2 മുറികളുമുണ്ട്. കളിസ്ഥലം,ഓഡിറ്റോറിയം എന്നിവ വിദ്യാലയത്തിലുണ്ട്.

ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്.

**സ്റ്റാഫ് കൗൺസിൽ**

പ്രഥമാധ്യാപിക 1

<u>അധ്യാപകർ</u>

<u>ഹൈസ്കൂൾ വിഭാഗം</u>

ഫിസിക്കൽ സയൻസ് 1

ഗണിതം 2

നാച്ചുറൽ സയൻസ് 1

ഇംഗ്ലീഷ് 1

| | |
|---|---|
| മലയാളം | 2 |
| ഹിന്ദി | 1 |
| സോഷ്യൽ സയൻസ് | 1 |
| അറബിക് | 1 |
| കായികാധ്യാപിക | 1 |
| യു പി അധ്യാപകർ | 4 |

കൂടാതെ എസ് എസ് കെ യുടെ കീഴിൽ ഒരു റിസോഴ്സ് ടീച്ചർ,വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ഒരു കൗൺസിലിംഗ് ടീച്ചർ

അനധ്യാപകർ

| | |
|---|---|
| ക്ളാർക്ക് | 1 |
| ഓഫീസ് അസിസ്റ്റന്റ് | 2 |
| എഫ് റ്റി എം | 1 |
| ലൈബ്രേറിയൻ | 1 |

കൂടാതെ യോഗ ,കരാട്ടെ എന്നീ വിഭാഗങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകുന്നു.

## നേട്ടങ്ങൾ

2024-25 വർഷത്തെ പരീക്ഷയിൽ 100 ശതമാനം കുട്ടികൾ വിജയിച്ചു.

5 കുട്ടികൾക്ക് എല്ലാ വിഷയത്തിനും എ പ്ളസ് നേടി.

JRC,LITTLE KITES,GOTEC എന്നിവ വളരെ നല്ല രീതിയിൽ പ്രനർത്തിച്ചു വരുന്നു.

സയൻസ്, സോഷ്യൽ സയൻസ്,ഗണിതം. ഐ ടി ,വിദ്യാരംഗം,ഗാന്ധിദർശൻ ക്ളബ്ബുകൾ മേളകളിൽ വർഷങ്ങളായി മികവ് കാണിക്കുന്നു.

USS സ്കോളർഷിപ്പ് 1 കുട്ടി കരസ്ഥമാക്കി.

എല്ലാ ക്ളബ്ബുകളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നു.

## വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

ആവശ്യത്തിനു കളിസ്ഥലമില്ല.

ഉച്ച ഭക്ഷണം കഴിക്കുന്നതിനായി ഡൈനിംഗ് ഹാൾ ഇല്ല

വൈദ്യുതി,ജലവിതരണ സംവിധാനം പരിഹരിക്കേണ്ടതുണ്ട്.

കൂടുതൽ ടോയ്‌ലറ്റ് സംവിധാനങ്ങൾ ആവശ്യമാണ്

എല്ലാ കുട്ടികൾക്കും സ്മാർട്ട് ക്ളാസ് സൗകര്യം ലഭിക്കുന്നില്ല.

മൾട്ടി മീഡിയ റൂം,മാത്സ് ലാബ്,സോഷ്യൽ സയൻസ് ലാബ് എന്നിവ സ്കൂളിൽ മുമ്പ് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അവയെല്ലാം ക്ളാസ് റൂമുകൾ ആക്കിയ സാഹചര്യമാണ് നിലവിലുള്ളത്.

മേഖല-ഹൈ സ്കൂൾ - സാമൂഹ്യ ശാസ്ത്രം

1. ജനാധിപത്യ മൂല്യങ്ങൾ വളർത്തുക.
2. സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുക.
3. സമൂഹത്തെ അറിയുന്നതിനും സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ഉള്ള കഴിവ് വളർത്തുക.
4. സാമൂഹ്യ ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളും വസ്തുതകളും മനസ്സിലാക്കുന്നതിന് പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ ആവശ്യമായ പിന്തുണ നൽകുക.
5. സാമൂഹ്യശാസ്ത്രത്തിൽ ഐ.സി.റ്റി യുടെ ഉപയോഗം എത്രമാത്രം ഉണ്ടെന്നും അത് എപ്രകാരം പ്രയോജനപ്പെടുത്താം എന്നുമുള്ള കഴിവ് നേടുക.
6. സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ ഇന്ത്യയെക്കുറിച്ചും ഇന്ത്യയുടെ തനത് സംസ്കാരവും ഭൂപ്രകൃതിയും എന്നിവയെക്കുറിച്ച് മനസ്സിലാക്കാനും ഒരു പൗരൻ എന്ന രീതിയിൽ തന്നെ കടമകൾ തിരിച്ചറിയുന്നതിനും കുട്ടിയെ പ്രാപ്തനാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | |
|---|---|---|---|---|---|
| 1.പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനും ആയി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക.പൗര ബോധം മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം,സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിലെ പ്രത്യേകം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ,കുട്ടികൾ, സുമനസ്സുകൾ | |

| | | | | | |
|---|---|---|---|---|---|
| | നടത്തുന്നു. | തിരഞ്ഞെടുത്ത ദിനങ്ങളിൽ. | | | |
| 3.സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശകാഴ്ചകൾ,ക ൌതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ ,മാനേജ്മെന്റ് | |
| 4.മതേതരത്വം,സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക.സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | സർവ്വേ, പ്രോജക്ട്,ചർച്ചകൾ, സംവാദം,ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക,സ്ഥലനിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. അറ്റ്ലസ്,മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |
| 6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായ ി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ,ദിനാചരണങ്ങൾ, പ്രശ്നോത്തരി,സംവാദ ം എന്നിവ,യെ കുറിച്ച് കൂടുതൽ | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |

| | | | | | |
|---|---|---|---|---|---|
| | വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രോജക്റ്റ് റൂം,സിനിമ ചരിത്ര സിനിമ പ്രദർശനം | | | | |
| 7. വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ,സമുദ്രങ്ങൾ,പർവതങ്ങൾ, ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞു പഠനം മനോഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | | |

# ഭൗതിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷ ണങ്ങളിലൂടെ യുള്ള കുട്ടികളുടെ അവത രണം പരീക്ഷണക്കള രി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പി ക്കൽ.<br>2. സ്കൂൾ തല സയൻസ് എക്സി ബിഷൻ | വർഷത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | പി.ടി.എ.<br>സയൻസ് ക്ലബ്ബ് |
| 2.ശാസ്ത്രമേളക ളിൽ പൂർണ്ണപങ്കാ ളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടു ക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാ ഹനം നൽകൽ. | ജൂലൈ മുതൽ സെപ്തംബർ | സയൻസ് ക്ലബ്ബ് | SRG |
| 3. ശാസ്ത്രമാസിക,ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെ ടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 4.പിന്നോ ക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി ,കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 1 ദിവസം | SRG,സയൻസ് ടീച്ചർ | സയൻസ് ടീച്ചർ |
| 5.ശാസ്ത്രലാബിനെ കാലാനുസ്യതമായി നവീകരിക്കൽ | ഫിസിക്സ്. കെമിസ് ടി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകര ണങ്ങളും മറ്റ് സാമ ഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീക രിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | |
| 6. നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്ന | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്ന | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | പി.ടി.എ. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവ രിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പ്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3)ഗണിത കോർണർ, ഗണിത വൃക്ഷം | ഗണിതസംബന്ധിയ യ വസ്തുതകളുടെ പ്രകാശനം | തുടർ പ്രവർത്തനം | കുട്ടികൾ | |
| 4)ഗണിതത്തെ നിത്യജീ വിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 5) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവു കൾ ഇവ പരിചയപ്പെടൽ. | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ്। | പി.ടി.എ |
| 6) സംഘബോധം ഉണ്ടാ ക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, ഗണിത ക്ലബ്ബ്। | |
| 7) ഗണിത മത്സരവേദിയി ലേക്ക്: മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, | പി.ടി.എ |

| | | | | |
|---|---|---|---|---|
| 8) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപ കരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, | പി.ടി.എ |
| 9)രക്ഷിതാക്കളെ ബോധ വൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | മാസത്തിൽ ഒന്ന് | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

ഉദ്ദേശം : കുട്ടികളിൽ ആരോഗ്യകായിക ക്ഷമത കൈവരിക്കുക, അനുയോജ്യമായ കളികളുടെ നൈപുണികൾ സ്വായത്തമാക്കുക

ആമുഖം

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനം അനുസരിച്ച് കുട്ടികളിൽ കായികക്ഷമത അനുദിനം കുറഞ്ഞു വന്നുകൊണ്ടിരിക്കുകയാണ് ശരിയായ ആരോഗ്യകായിക അവബോധം ഇല്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലി യൗവനത്തിനും വാർദ്ധക്യത്തിലും ഉള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ പ്രവർത്തനമാന്ദ്യമുള്ളവരാക്കുന്നു. ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയവും അനന്തരഫലമായുള്ള അമിതമേദസ്സും, രോഗങ്ങളും ഒരു പ്രതിസന്ധി അനുപാതകത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേത് രാജ്യത്തെക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്ക് ആണെന്ന് അടുത്ത കാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു. ഇതുകൂടാതെ പ്രമേഹം മറ്റു ജീവിതശൈലി രോഗങ്ങളും വർദ്ധിക്കുന്നതായി വിവിധ പഠനങ്ങൾ തെളിയിക്കുന്നുണ്ട് കേരള സംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻ തലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശരിയായ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെ കുറവാണ്

**സ്വന്തമായ ഒരു കളിസ്ഥലത്തിന്റെ അഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്**

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അഞ്ചു മുതൽ 10 വരെയുള്ള എല്ലാ കുട്ടികളുടെയും കായിക ക്ഷമത കൈവരിക്കൽ<br><br>യു പി ക്ലാസുകൾ (5–7)<br>അടിസ്ഥാന ചലനങ്ങൾ<br><br>ഹൈച് എസ് ക്ലാസുകൾ (8–10)<br>കളിയിലെ നിയമങ്ങൾ, കൂട്ടായ്മ, തന്ത്രങ്ങൾ,ജീവിതശൈലി അടിസ്ഥാനത്തിലുള്ള ആരോഗ്യം | കായിക ആരോഗ്യ വിദ്യാഭ്യാസത്തിന് താല്പര്യം ജനിപ്പിക്കുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും വിവിധതരം മൈനർ മേജർ ഗെയിംസിൽ പങ്കെടുപ്പിക്കുന്നു<br><br>കളികൾ, ചുവട് വെയ്പ്പ്, ബാലൻസ്, ബോൾ ഗെയിമുകൾ<br><br>ലഘു അത്ലറ്റിക്സ്, ടീം ഗെയിമുകൾ, യോഗ, വ്യക്തിഗത ഫിറ്റ്നസ് പ്ലാൻ | ജൂൺ - ഫെബ്രുവരി | സ്കൂൾതല സമിതികൾ കായികാധ്യാപിക | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്പോൺസർ |
| 2 | എല്ലാ കുട്ടികളുടെയും സ്വഭാവരൂപീകരണത്തിനും ആരോഗ്യപ്രശ്നങ്ങൾക്കും മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിനും സാമൂഹിക ആരോഗ്യം നിലനിർത്തുന്നതിനും | യോഗ പരിശീലനം മാനസികാരോഗ്യ ശ്രദ്ധ അഭ്യാസങ്ങൾ | ജൂൺ - നവംബർ | കായികാധ്യാപിക | വിദ്യാലയ വികസന സമിതി |

| | | | | | |
|---|---|---|---|---|---|
| 3 | സഞ്ജീവനി (ലഹരി വിമുക്ത ഗ്രാമം) ആരോഗ്യമുള്ള പുതിയ തലമുറ | എക്സൈസ് ഉദ്യോഗസ്ഥരുടെയും വനിതാ ശിശു വികസന വകുപ്പിന്റെയും നേതൃത്വത്തിൽ ലഹരിവസ്തുക്കൾക്കെതിരെയുള്ള ബോധവൽക്കരണം നടത്തുന്നു ലഹരി വസ്തുക്കളുടെ ദോഷവശങ്ങൾ ശുചിത്വം, പ്ലാസ്റ്റിക് നിർമാർജനം, ആഹാര ശീലങ്ങൾ, പോഷകാഹാരം എന്നിവയെക്കുറിച്ച് അവബോധം കുട്ടികളിൽ ജനിപ്പിക്കുന്നു ലഹരിയുടെ ദോഷവശങ്ങൾ ലഘുലേഖനങ്ങൾ ആയി സ്കൂളിന്റെ പേരിൽ പൊതുജനങ്ങളിൽ എത്തിക്കുന്നു. രക്ഷകർത്താക്കൾക്ക് ബോധവൽക്കരണം നടത്തുന്നു | ജൂലൈ | സ്കൂൾതല സമിതികൾ എക്സൈസ് ഉദ്യോഗസ്ഥർ വനിതാ ശിശു വികസന വകുപ്പിലെ പൊതു പ്രവർത്തകർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ കായികാധ്യാപിക | വിദ്യാലയ വികസന സമിതി |
| 4 | സബ്ജില്ല, റവന്യൂ ജില്ല,സംസ്ഥാന, ദേശീയ തല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കുട്ടികളിലെ അടിസ്ഥാന നൈപുണികൾ കണ്ടെത്തുന്നു | വിവിധ ഗെയിംസുകളിലും അത്‌ലറ്റിക്സിലും താൽപര്യവും ശാരീരികവും മാനസികവുമായ വളർച്ചയുള്ള കുട്ടികളെ വിവിധതരം ടെസ്റ്റുകളിലൂടെ കണ്ടെത്തുകയും ശാസ്ത്രീയമായ പരിശീലനത്തിലൂടെ മത്സരങ്ങൾക്ക് വിധേയമാക്കുകയും ചെയ്യുന്നു ഖോ ഖോ, ഫുട്ബോൾ, വോളിബോൾ, കബഡി, ബാഡ്മിന്റൺ, ഹാൻഡ് ബോൾ, ത്രോ ബോൾ, അത്‌ലറ്റിക്സ് തുടങ്ങിയ കളികൾ പഠിപ്പിക്കുകയും | ജൂൺ - ഡിസംബർ | സ്കൂൾതല സമിതികൾ കായികാധ്യാപിക | വിദ്യാലയ വികസന സമിതി |

| | | | | | |
|---|---|---|---|---|---|
| | | പരിശീലനം നൽകുകയും ചെയ്യുന്നു | | | |
| 5 | എയ്റോബിക്സ് സുംബാ | എയ്റോബിക്സ് സുംബാ തുടങ്ങിയ ഹൃദയ ശ്വസന ക്ഷമത വർദ്ധിപ്പിക്കുന്ന ഇത്തരം പ്രവർത്തനങ്ങളിൽ പരിശീലനം നടത്തുന്നു | സെപ്റ്റംബർ - മാർച്ച് | കായികാധ്യാപിക | വിദ്യാലയ വികസന സമിതി |
| 6 | അർദ്ധ വാർഷിക വിലയിരുത്തൽ | | ഓഗസ്റ്റ് - സെപ്റ്റംബർ | കായികാധ്യാപിക | വിദ്യാലയ വികസന സമിതി |
| 7 | വാർഷികമൂല്യനിർണ്ണയം | **മൂല്യനിർണ്ണയം**<br>• ഫോർമറ്റീവ്: പങ്കാളിത്തം, ശ്രമം, കൂട്ടായ്മ<br>• സമ്മേറ്റീവ്: ഫിറ്റ്നസ് ടെസ്റ്റുകൾ, എഴുത്തു പരീക്ഷ<br><br>**മൂല്യനിർണ്ണയ ചട്ടക്കൂട്:**<br>• പങ്കാളിത്തം – 40%<br>• പ്രാവീണ്യം – 20%<br>• അറിവ് – 20%<br>• വ്യക്തിപരമായ പുരോഗതി – 20% | മാർച്ച് | കായികാധ്യാപിക | |

**ദിനാചരണങ്ങൾ**

ജൂൺ 21 അന്താരാഷ്ട്ര യോഗദിനം : യോഗ ഡെമോൺസ്ട്രേഷൻ
ഓഗസ്റ്റ് 29 ദേശീയ കായിക ദിനം : കായിക മേള

ഈ മാസ്റ്റർ പ്ലാൻ ശക്തമായ ഒരു കായിക വിദ്യാഭ്യാസ പരിപാടി വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുള്ള ഒരു സമഗ്രമായ ചട്ടക്കൂട് നൽകുന്നു -ഇതിന്റെ വിജയം തുടർച്ചയായ പ്രതിബദ്ധതയും സഹകരണത്തെയും ശാരീരികമായും വ്യത്യാസ സമ്പന്നവും ആരോഗ്യകരവുമായ ഒരു സമൂഹം വളർത്തുന്നതിനുള്ള സമർപ്പണത്തെയും ആശ്രയിച്ചിരിക്കുന്നു

HINDI

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | 8 | ഹിന്ദി അധ്യാപിക | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി എഴുതുവാനും,സ ംസാരിക്കുവാനും, ആശയവിനിമയം നടത്താനുള്ള ശേഷി വർദ്ധിപ്പിക്കൽ. CWSN Slow Learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷപോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനം പാക്കേജ് തയ്യാറാക്കുന്നു CWSN Slow Learners പ്രവർത്തന പാക്കേജ്. | ജൂൺ രണ്ടാം വാരം | 8, 9,10 | ഹിന്ദി ഭാഷ അധ്യാപിക മറ്റ് ഭാഷ അധ്യാപകർ | |
| 3 | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക.<br>● ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക | പ്രതിദിനം | 8, 9 | ഹിന്ദി അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | ഹിന്ദിയിൽ എണ്ണം ആഴ്ച മാസം എന്നിവയുടെ ദൈനംദിന അവതരണം | | | | |
| 4 | Cwsn slow learners കുട്ടികൾക്കായി പ്രത്യേകം പസിലുകൾ ഐസിടി മുഖാന്തിരം പല വർണ്ണ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു തവണ | 8,9,10 | ഹിന്ദി അധ്യാപിക | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ ജീവനികൾ ആത്മകഥകൾ കഥകൾ എന്നിവ വായിപ്പിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപിക | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണവുമായി ബന്ധപ്പെട്ട | ,9,10 | ഹിന്ദി അധ്യാപിക | ഭാഷ സ്വായത്തമാക്കൽ |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കൽ | ജനവരി | 8,9 | ഹിന്ദി അധ്യാപിക | സർഗാത്മകത ലേഖനശേഷി കൈവരിക്കൽ |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപിക | ഹിന്ദിയിൽ സംസാരശേഷി വർദ്ധിപ്പിക്കൽ |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം നൽകൽ വാർത്തകൾ കാണാനുള്ള അവസരം | ആറുമാസം | 9,10 | ഹിന്ദി അധ്യാപിക ക്ലാസ് അധ്യാപകർ മറ്റ് അധ്യാപകർ | കുട്ടികൾക്കിടയിൽ അവതരണശേഷി ഉള്ളവരെ കണ്ടെത്തൽ ഭാഷയിൽ പ്രാവീണ്യം |

| | | | | | |
|---|---|---|---|---|---|
| | | | | | വളർത്തൽ |
| 10 | കുട്ടികൾക്ക് മാനസിക ഉല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷ പഠനം എളുപ്പത്തിൽ ആക്കാനും ഉള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുക | ജനുവരി ഫെബ്രുവരി | 8,9,10 | ഹിന്ദി അധ്യാപിക ക്ലാസ് അധ്യാപകർ മറ്റധ്യാപകർ | |

HIGH SCHOOL ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Encourage the students able to communicate fluently in English | Communication English classes<br><br>Library<br>English Assembly<br><br>Implementation of GOTEC Module in all classes | Whole Year | Teachers<br>English Club | |
| Give ample opportunities to develop the four fold skills | Role Play<br>Skit<br>Day Observances<br>Choreography<br>Magazine Preparation<br>Different activities related to the units concerned<br>ICT | Whole year | Teachers<br>SRG<br>English | |
| Bridging learning gaps among students | Peer group study<br>Shredha Module<br>Quality Improvement Classes apart from the regular hours | Whole Year | Teachers<br>SRG<br>English club | |

| | | | | |
|---|---|---|---|---|
| Enhancing Reading & writing skill | Encourage the students to write Diary Entry<br><br>Reading Competition<br><br>Appreciation writing<br><br>Introduce authors and books and make them read<br><br>Different Discourse activities<br>Day Observance related activities<br><br>Enriching vocabulary activities | Whole year | Teachers<br>English Club | |
| Students can able to speak English confidently | English Assembly<br><br>Day Observance Activities<br><br>Versatile classroom projects<br>Regular practice of activities like | Whole year | Teachers<br>English Club | |

| | | | | |
|---|---|---|---|---|
| | Declamation,<br>Anchoring,<br>Turn coat, etc | | | |
| | | | | |

## ഉപമേഖല - രസതന്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ ശാസ്ത്ര അഭിരുചി വളർത്തൽ | 1.ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണകളരി ,പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുൻപിൽ അവതരിപ്പിക്കൽ<br>2. സ്കൂൾ തല സയൻസ് പ്രദർശനം<br>3. ഗവേഷണാത്മകപ്രോജക്ടുകൾ ഏറ്റെടുത്തുള്ള പഠനം സർവ്വേകൾ അഭിമുഖം നിരീക്ഷണം എന്നിവയിലൂടെ | വർഷത്തിൽഒരു തവണ | സയൻസ് ക്ലബ്ബ് | 1000 / P T A |
| ശാസ്ത്രമേളകളിൽ പൂർണ പങ്കാളിത്തം | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ഒരു വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് |
| ശാസ്ത്രലാബ് നവീകരണം | കാലാനുസൃതമായി എല്ലാ ശാസ്ത്രവിഷയങ്ങൾക്കും അനുയോജ്യമായ സാമഗ്രികൾ ക്രമീകരിക്കൽ | ഒരു മാസം | സയൻസ് ടീച്ചേർസ് | P T A |
| പാരമ്പര്യ | സൗരോർജ്ജപാനലുകളുടെ | | | |

| | | | | |
|---|---|---|---|---|
| ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | ഉപയോഗം സാധ്യമാകാനുള്ള നടപടി എടുക്കൽ | ഒരു വർഷം | **P T A** | **5** ലക്ഷം **/ M L A , MP FUND** |
| പഠനപിന്നാക്ക വിദ്യാർത്ഥികൾക്ക് പ്രത്യേകപരിശീലനം | അദ്ധ്യാപകൻ -കുട്ടി കുട്ടി-കുട്ടി എന്നീ തലങ്ങളിൽ പരിശീലനം | മാസത്തിൽ **8** ദിവസം | **S R G ,**സയൻസ് ടീച്ചേർസ് | |
| ശാസ്ത്രമാസിക പതിപ്പ് തയാറാക്കൽ | കുട്ടികൾ തയാറാക്കുന്ന ലേഖനങ്ങൾ കവിതകൾ മറ്റെഴുത്തുകൾ ഉൾപ്പെടുത്തി പതിപ്പ് തയാറാക്കൽ | **6** മാസത്തിൽ ഒരിക്കൽ | **S R G ,**സയൻസ് ടീച്ചേർസ് | **1000 / P T A** |
| ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകി ചോദ്യപേപ്പർ സമഗ്രയിൽ അപ്‌ലോഡ് ചെയ്യൽ | **3** മാസം | **S R G ,**സയൻസ് ടീച്ചേർസ് | **1000 / P T A** |
| മോഡൽ നിർമ്മാണം | ശാസ്ത്രസംബന്ധിയായ മോഡൽ ശില്പശാലയിലൂടെ നിർമിക്കാൻ | **1** മാസം | **S R G ,**സയൻസ് ടീച്ചേർസ് | **2500 / P T A** |

# ഹൈസ്കൂൾ ജീവശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി ബോധവൽക്കരണം | പരിസ്ഥിതി ദിനത്തിൽ മരത്തൈ നട്ടുപിടിപ്പിക്കൽ,പോസ്റ്റർമത്സരം | ജൂൺ 5 | ഇക്കോ ക്ലബ് ,ബയോളജി വിഭാഗം | പിടിഎ,സയൻസ് ക്ലബ് |
| 2 | ലാബ് ഉപയോഗ നൈപുണികൾ | ലാബ് സുരക്ഷാ പരിശീലനം മൈക്രോസ്കോപ്പ് പരിചയം. | ജൂൺ 2-ാം ആഴ്ച. | ജൂലൈ | സ്കൂൾ അധ്യാപന ഫണ്ട്. |
| 3 | ജൈവ വൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ ജന്തു പട്ടിക തയ്യാറാക്കൽ | ജൂലൈ മുഴവൻ | ബയോളജി വിഭാഗം ,സയൻസ് ക്ലബ് | പിടിഎ |
| 4 | സസ്യസംരക്ഷണത്തിന് ബോധവത്ക്കരണം | സസ്യോദ്യാനം സന്ദർശനം ,ഹർബേറിയം നിർമ്മാണം,പ്രവർത്തന പത്രം | ജൂലൈ അവസാനം | ബയോളജി വിഭാഗം | പിടിഎ,എസ് എം സി |
| 5 | ബയോടെക്നോളജി പരിചയം | ലാബ് വർക്ക് | ഓഗസ്റ്റ് 1-ാം ആഴ്ച | അതിഥി അദ്ധ്യാപകൻ | സ്ഥാപന സഹായം |
| 6 | പരിസ്ഥിതി പഠനാനുഭവം | ജലാശയത്തിൽ ഫീൽഡ് സ്റ്റഡി സാമ്പിൾ ശേഖരണം | ഓഗസ്റ്റ് അവസാനം | ബയോളജി വിഭാഗം,ഇക്കോ ക്ലബ് | സയൻസ് ക്ലബ് |
| 7 | ഗവേഷണ വൈദഗ്ധ്യം വളർത്തൽ | വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണ പദ്ധതി,പോസ്റ്റർ അവതരണം | ഓഗസ്റ്റ് ,സെപ്തംബർ | അദ്ധ്യാപകർ | പിടിഎ,സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| 8 | അറിവ്,മികവ് പരീക്ഷിക്കൽ | സ്കൂൾ തല ബയോളജി ക്വിസ്,മോഡൽ പ്രദർശനം | സെപ്റ്റംബർ പകുതി | സയൻസ് ക്ലബ് | സയൻസ് ക്ലബ്,പൂർവ്വ വിദ്യാർത്ഥികൾ |
| 9 | വന്യജീവി സംരക്ഷണം | വൈൽഡ് ലൈഫ് വീക്ക് ഡോക്യുമെന്ററി,ചർച്ച,പ്രതിജ്ഞ | ഒക്ടോബർ 2-7 | ഇക്കോ ക്ലബ് | പിടിഎ |
| 10 | കരിയർ ബോധവൽക്കരണം | ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ-പ്രഭാഷണം | ഒക്ടോബർ 3-ാം ആഴ്ച | കരിയർ ഗൈഡൻസ് സെൽ | എസ് എം സി |
| 11 | വിദ്യാർത്ഥി പ്രതിഭ പ്രദർശനം | വർഷാന്ത്യസയൻസ് എക്സിബിഷൻ,ബയോ ഫെയർ | നവംബർ 2-ാം ആഴ്ച | സയൻസ് ക്ലബ്,ബയോളജി വിഭാഗം | പിടിഎ |
| 12 | പാഠഭാഗം പുനരാവർത്തനം | പിയർ ലേണിംഗ്,ഗ്രൂപ്പ് റിവിഷൻ ക്ലാസുകൾ | ജനുവരി,ഫെബ്രുവരി | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| 13 | പഠനഫലങ്ങൾ രേഖപ്പെടുത്തൽ | വിദ്യാർത്ഥികളുടെ ശാസ്ത്ര പത്രിക യങ് ബയോളജിസ്റ്റ് പ്രസിദ്ധീകരണം | മാർച്ച് | അദ്ധ്യാപക വിദ്യാർത്ഥി കമ്മറ്റി | പിടിഎ |

വിഷയം : ARABIC

| വിഷയം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **1.** ലോക ഭാഷകളിൽ മൂന്നാംസ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും നന്നായി സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | **1.** മികവിൻ്റെ വഴിയിൽ<br>● പ്രൈമറി ക്ലാസ് മുതൽ ഭാഷകളുടെ വളർച്ച ഉറപ്പു വരുത്തുക<br>● മുന്നറിവ് പരിശോധിക്കൽ<br>● അക്ഷരങ്ങൾ ഉറപ്പിക്കൽ<br>● വാചകങ്ങൾ നിർമ്മിക്കൽ<br>● ഭാഷാകളികൾ | 2 months | പുസ്തകങ്ങൾ, വർക്ക് ഷീറ്റുകൾ, സിഡികൾ | BRC<br>SMC<br>LSG<br>PTA |
| **2.**കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | **2.** വായന വസന്തം<br>● വായന മത്സരം<br>● ക്ലാസ് ലൈബ്രറി<br>● സ്കൂൾ ലൈബ്രറി<br>● വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>● വായന കുറിപ്പുകൾ<br>● അറബിക് പത്രവായന/റേഡിയ ോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി | BRC<br>LSG<br>SMC<br>PTA<br>OSF |
| **3.**വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക സാഹചര്യം ഒരുക്കുക | **3.**എഴുത്തുൽസവം<br>● എഴുത്തുകൂട്ടം പതിപ്പുകളുടെ നിർമ്മാണം<br>● വായനക്കുറിപ്പ് ശേഖരണം<br>● ഇൻലൻ്റ് മാഗസിൻ<br>● ചുമർചിത്രങ്ങൾ പോസ്റ്ററുകൾ<br>● ഭാഷാ കളികൾ | 12 Months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| **4.**വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും | **4.**അറബിക്ക കമ്മ്യൂണിക്കേഷൻ<br>● ആശയവിനിമയ വേദി, ക്ലാസ് തലം,സ്കൂൾ തലം | 12 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>SMC<br>PTA<br>LSG |

| | | | | |
|---|---|---|---|---|
| ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക<br>**5.**ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ● മൊബൈൽ ലിസണിങ് സ്പീക്കിംഗ്<br>● യാത്രകൾ<br>● അറബിക് മേള,നാടകം,മോണോ പ്രസംഗം സംഭാഷണം<br>● ഭാഷ കളികൾ അറബിക് അസംബ്ലി<br>● ഭാഷാപ്രദർശനം<br>● ഭാഷ ക്യാമ്പ് | | | |
| **6.**സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | **5.**ലാംഗ്വേജ് ലാബ്<br>● സ്മാർട്ട് ക്ലാസ്സ് റൂം<br>● അറബിഭാഷ സാഹിത്യ ശേഖരങ്ങൾ<br>● ചിത്രീകരണങ്ങൾ<br>● സിനിമ<br>● ആനിമേഷൻ<br>● സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 24 months | | BRC<br>SMC<br>LSG<br>OSF |

Govt VHSS ALAMCODE

അക്കാദമിക് മാസ്റ്റർപ്ലാൻ

വിഷയം : മലയാളം

ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ ഒന്നായ സമഗ്ര -വ്യക്തി വികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിൽ സുപ്രധാന പങ്കാണ് വായനയ്ക്കുള്ളത്.ആനന്ദകരമായ അനുഭവമായി വായനയെ കുട്ടികൾ തിരിച്ചറിയും വിധമുള്ള നിരന്തര പ്രവർത്തനങ്ങൾ ആണ് 2025 -26 അധ്യയന കാലയളവിൽ ആസൂത്രണം ചെയ്തിട്ടുള്ളത്.ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായന സംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

ലക്ഷ്യം

*അഞ്ചു മുതൽ 10 വരെ ക്ലാസുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിന് അനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

*കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.
*കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.

മാതൃഭാഷാ പഠനം - പ്രശ്നങ്ങൾ

- 5 മുതൽ പത്ത് വരെ ക്ലാസിലെഎല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.
- സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.
- വായനയുടെ ലോകത്തിലേക്ക് എല്ലാ കുട്ടികളെയും എത്തിക്കാൻ കഴിയുന്നില്ല.

പ്രശ്ന വിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ പദ്ധതി |
|---|---|
| 1. വായനയോടുള്ള താത്പര്യക്കുറവ്.<br><br>2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല.<br><br>3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്<br><br>4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല.<br><br>5. ഭാഷാവ്യവഹാരങ്ങൾ ഫലപ്രദമായി | 1. പിറന്നാളിനൊരു പുസ്തകം<br><br>2.വായനക്കുറിപ്പ് മത്സരം<br><br>3. കഥ-കവിതശില്പശാല<br><br>4. കൈയെഴുത്ത് മാസിക.<br><br>5. സാഹിത്യ പഠനയാത്ര' |

| | |
|---|---|
| ഉപയോഗിക്കുന്നില്ല. | 6. അമ്മവായന<br><br>7.വായനക്കൂട്ടം പുസ്തക ചർച്ച |
| | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയോടുള്ള താൽപര്യം വർദ്ധിക്കുന്നതിന് | *പിറന്നാളിന് ഒരു പുസ്തകം<br><br>കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾ ദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് പദ്ധതി ' | ജൂൺ - മാർച്ച് | മലയാളം അധ്യാപകർ - ലൈബ്രേറിയൻ | |
| വായനയിലൂടെ അറിവ് നിർമ്മാണം ആശയങ്ങളും ധാരണകളും മനോഭാവങ്ങളും വർദ്ധിപ്പിക്കുന്നതിന് | വായനക്കുറിപ്പ് മത്സരം<br><br>വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നതിനും ഉള്ള പദ്ധതിയാണ് വായനക്കുറിപ്പ് മത്സരം കുട്ടികളിലെ ആരോഗ്യപരമായ മത്സരം പ്രോത്സാഹിപ്പിക്കുന്നതിനും ഇത് സഹായിക്കും | ജൂൺ - മാർച്ച് | വിദ്യാരംഗം കലാസാഹിത്യ വേദി | |
| മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് അവയുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് ' | സാഹിത്യ പഠനയാത്ര<br><br>പഠനയാത്ര സംഘടിപ്പിക്കുന്നു | ഡിസംബർ | ടൂർ കൺവീനർ | |
| കുട്ടികളിലെ സർഗാത്മകത അഭിരുചി ഭാഷാശേഷി | കയ്യെഴുത്തു മാഗസിൻ<br><br>കുട്ടികളുടെ സർഗാത്മക | ജൂൺ -മാർച്ച് | വിദ്യാരംഗം കലാസാഹിത്യവേദി, മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| എന്നിവ പ്രോത്സാഹിപ്പിക്കുക | കഴിവുകൾ വികസിപ്പിക്കുന്നതിനായി കുട്ടികളുടെ രചനകൾ (യാത്രാനുഭവം,വായനക്കുറിപ്പ്, അനുഭവക്കുറിപ്പ് തുടങ്ങിയവ) ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം | | | |
| വായിക്കാൻ അറിയാത്ത കുട്ടികൾക്ക് വായനയിൽ മുൻപിൽ നിൽക്കുന്ന കുട്ടികളുമായി സംഘപ്രവർത്തനം | വായന കൂട്ടം<br><br>വായിക്കാൻ അറിയാത്ത കുട്ടികളെ ഗ്രൂപ്പ് ആയി തിരിച്ചു മികച്ച വായനക്കാരെ നേതൃസ്ഥാനത്ത് നിർത്തി പുസ്തകങ്ങൾ വിതരണം ചെയ്തു വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണ നൽകുന്നതിനും സഹായിക്കുന്ന പദ്ധതി | ജൂൺ -മാർച്ച് | അധ്യാപകർ,മികച്ച വിദ്യാർഥികൾ | |
| | | | | |